**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **14-09-2023 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര മേഖലകളിൽ ടൂർ ഓപ്പറേറ്റിങ് സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ വിനോദ സഞ്ചാര മേഖലകളിലേക്ക് സഞ്ചാരികളെ എത്തിക്കുന്നതിന് സഹകരണ വകുപ്പിന് കീഴിൽ ടൂർ ഓപ്പറേറ്റിങ്ങ് സംഘങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവയുടെ എണ്ണം എത്രയാണെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ചിറ്റൂർ, മണ്ണാർക്കാട് എന്നീ താലൂക്കുകളിലായി രണ്ട് ടൂറിസം സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>1. ചിറ്റൂർ താലൂക്ക് ടൂറിസം കോ ഓപ്പറേറ്റീവ് സൊസൈറ്റി ആന്റ് റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ പി 1463.<br>2. അട്ടപ്പാടി ടൂറിസം ഡെവലപ്മെന്റ് ആന്റ് റിസർച്ച് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി 1478.<br>ചിറ്റൂറിലെ സംഘം ടൂർ ഓപ്പറേറ്റിങ് സംഘമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് വിനോദ സഞ്ചാരികളെ എത്തിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്ത് വിനോദ സഞ്ചാരികളെ എത്തിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ടൂറിസം സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ടൂറിസം ഹോസ്പിറ്റാലിറ്റി ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളെ ടൂർഫെഡിൽ അഫിലിയേറ്റ് ചെയ്ത് മികച്ച പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കായൽ ടൂറിസം വികസിപ്പിക്കുന്നതിന് ടൂർഫെഡ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കാർത്തികപള്ളി താലൂക്കിൽ മിനി ഹൗസ് ബോട്ട് പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടി പ്രകാരം സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഹൈജീനിക് കോഫി ഷോപ്പുകൾ ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ടൂർഫെഡ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ വലിയഴീക്കൽ ബീച്ചിൽ കോഫി ഷോപ്പ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ